**പതിമൂന്നാം കേരള നിയമസഭ**
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 675 12-06-2013 - ൽ മറുപടിയ്ക്ക്

## രോഗികളിൽ നടത്തുന്ന മരുന്നു പരീക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.എം.ഉമ്മർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് രോഗികളിൽ നടത്തുന്ന മരുന്നുപരീക്ഷണത്തെ കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന കമ്മിറ്റി ആയതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (എ) റിപ്പോർട്ട് 13/03/2013 ൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ നിയമവിധേയമല്ലാത്ത വിധത്തിലുള്ള മരുന്നുപരീക്ഷണങ്ങൾ സംസ്ഥാനത്ത് നടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം അനധികൃത പരീക്ഷണങ്ങൾ തടയാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് ചില സ്ഥാപനങ്ങളിൽ മരുന്നു പരീക്ഷണം നടക്കുന്നതായി കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ക്ലിനിക്കൽ ട്രയൽ നടത്തുന്നതിന് അനുവാദം നൽകുന്നതും നിയന്ത്രിക്കുന്നതും കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷനും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസേർച്ചുമാണ്. ആയതിനാൽ സംസ്ഥാന സർക്കാരിന് ഇതു സംബന്ധിച്ച് അധികാരങ്ങളൊന്നുമില്ല. ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ ഷെഡ്യൂൾ Y ലാണ് ഇതിനെക്കുറിച്ചുള്ള പരാമർശമുള്ളത്. സംസ്ഥാനത്തെ ഡ്രഗ്സ് ഇൻസ്പെക്ടർമാരെ ക്ലിനിക്കൽ ട്രയലുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുവാൻ നോട്ടിഫൈ ചെയ്തിട്ടില്ല. |
| (സി) അനധികൃത മരുന്നു പരീക്ഷണത്തിന് വിധേയരായവർ മരണമടഞ്ഞതായി റിപ്പോർട്ടുണ്ടോ; എങ്കിൽ കുറ്റവാളികൾക്കെതിരെ എന്തൊക്കെ നടപടികൾ, സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) അനധികൃത മരുന്നുപരീക്ഷണത്തിനു വിധേയരായ 2 പേർ മരണമടഞ്ഞതായി മരുന്നു പരീക്ഷണത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ